# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 10-07-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1) ഓസ്ട്രേലിയ സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ന്യൂസിലൻഡിലെത്തും. കായിക രംഗത്തെ സഹകരണം ശക്തിപ്പെടുത്താൻ ഇന്ത്യയ്ക്കും, ഓസ്ട്രേലിയയ്ക്കും ഇടയിൽ ധാരണ.

**Prime Minister Narendra Modi will arrive in New Zealand today after successfully concluding his visit to Australia. Highlighting the growing role of sports diplomacy in India-Australia relations Prime Minister Narendra Modi, along with Australian Prime Minister Anthony Albanese, visited the iconic Melbourne Cricket Ground today.**

2) സുരക്ഷിതമായ അതിർത്തിയും, ജാഗരൂകമായ സമൂഹവുമാണ് രാജ്യത്തെ ഭദ്രമാക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ.

**Home Minister Amit Shah says, secure border, prosperous border region, and vigilant society together can make the country secure.**

3) വയനാട് കള്ളാടി മണ്ണിടിച്ചിലിൽ ഒരു മൃതദേഹം കൂടി കണ്ടെടുത്തു. പ്രദേശത്തെ അപകട ഭീഷണിയുള്ള വീടുകളിൽ താമസിക്കുന്നവരെ, വാടക വീട്ടിലേക്ക് മാറ്റുന്നതിന് സൗകര്യം ഒരുക്കുമെന്ന് റവന്യൂ മന്ത്രി എ. പി. അനിൽകുമാർ.

**One more body has been recovered from the Kalladi landslide in Wayanad. Revenue Minister A. P. Anil Kumar said arrangements will be made to shift residents of houses located in vulnerable areas to rented accommodation.**

4) ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡിജിപിമാരുടെ യോഗം തിരുവനന്തപുരത്ത് പുരോഗമിക്കുന്നു.

**A meeting of the Directors General of Police of South Indian states is underway in Thiruvananthapuram as part of Operation Toofan.**

5) കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. എട്ട് ജില്ലകളിൽ മഞ്ഞ ജാഗ്രത. കേരളം - കർണാടക - ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

**Heavy rainfall continues in the northern districts of Kerala. A yellow alert has been issued for eight districts. Fishing has been banned along the Kerala, Karnataka, and Lakshadweep coasts.**

6) ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം ക്വാർട്ടറിൽ ഇന്ന് രാത്രി 12.30 ന് സ്പെയിൻ ബെൽജിയത്തെ നേരിടും

**In the second FIFA World Cup quarter-final, Spain will take on Belgium tonight at 12:30 a.m.**

&&&&&&&&&&&&&&&&&&

**HEADLINE-1**

**PM-AUSTRALIA (intro)**

*ഓസ്ട്രേലിയ സന്ദർശനം വിജയകരമായി പൂർത്തിയാക്കി പ്രധാനമന്ത്രി നരേന്ദ്രമോദി. ഇരു രാജ്യങ്ങൾക്കുമിടയിലെ സമഗ്ര നയതന്ത്ര പങ്കാളിത്തത്തിന് വ്യക്തമായ മാർഗ്ഗരേഖ ഒരുക്കിക്കൊണ്ടാണ് സന്ദർശനം പൂർത്തീകരിച്ചത്. ഇന്ത്യ-ഓസ്ട്രേലിയ വാർഷിക ഉച്ചകോടി, സിഇഒ ഫോറം തുടങ്ങി സുപ്രധാന പരിപാടികളിൽ ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആൻറണി ആൽബനീസിനൊപ്പം അദ്ദേഹം പങ്കെടുത്തിരുന്നു. ഓസ്ട്രേലിയയിൽ നിന്നും ഇന്ത്യയിലേക്കുള്ള ദീർഘകാല യുറേനിയം വിതരണ കരാറിലും ഇരു രാജ്യങ്ങളും ഒപ്പുവച്ചു. പ്രതിരോധ സഹകരണം സംബന്ധിച്ച സംയുക്ത പ്രഖ്യാപനത്തിനും ഇരു രാജ്യങ്ങളും അംഗീകാരം നൽകി. മെൽബൺ ക്രിക്കറ്റ് ഗ്രൗണ്ടിൽ ഇന്ന് നടന്ന പരിപാടിയിൽ ഇന്ത്യ-ഓസ്ട്രേലിയ കായിക സഹകരണ മാർഗ്ഗരേഖയുടെ പ്രകാശനവും ഇരു പ്രധാനമന്ത്രിമാരും ചേർന്ന് നിർവഹിച്ചു. 2030 ലെ കോമൺവെൽത്ത് ഗെയിംസിന് ഇന്ത്യയും, 2032 ലെ ബ്രിസ്ബേൻ ഒളിമ്പിക്സിന് ഓസ്ട്രേലിയയും തയ്യാറാകുന്നതിന്റെ ഭാഗമായി, കായിക രംഗത്തെ സഹകരണം ശക്തിപ്പെടുത്താനും ധാരണയായി. കായിക അടിസ്ഥാന സൗകര്യങ്ങൾ, ക്രിക്കറ്റ് തുടങ്ങിയ മേഖലയിലെ സഹകരണം സംബന്ധിച്ച ചർച്ചകളും ഇരു നേതാക്കൾക്കുമിടയിൽ നടന്നു.*

*(ഹോൾഡ്)*

&&&&&&&&&&&&&&&&&&

**P M - New Zealand**

ത്രിരാഷ്ട്ര സന്ദർശനത്തിന്റെ അവസാനപാദത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ന്യൂസിലൻഡിലെത്തും. ഓക് ലൻഡിലെത്തുന്ന പ്രധാനമന്ത്രി, ന്യൂസിലൻഡ് പ്രധാനമന്ത്രി ക്രിസ്റ്റഫർ ലക്സനുമായി കൂടിക്കാഴ്ച നടത്തും. വ്യാപാരം, വാണിജ്യം, പ്രതിരോധം തുടങ്ങിയ മേഖലകളിൽ ഇരുരാജ്യങ്ങളും കൈവരിച്ച നേട്ടങ്ങൾ നേതാക്കൾ അവലോകനം ചെയ്യും. ബിസിനസ്സ്, കായിക മേഖലകളിലെ പ്രമുഖരുമായും ശ്രീ മോദി കൂടിക്കാഴ്ച നടത്തും. ന്യൂസിലൻഡിലെ ഇന്ത്യൻ സമൂഹത്തെയും അദ്ദേഹം അഭിസംബോധന ചെയ്യും

&&&&&&&&&&&&&&&&&

## HEADLINE-2

## AMIT SHAH

സുരക്ഷിതമായ അതിർത്തിയും, ജാഗരൂകമായ സമൂഹവുമാണ് രാജ്യത്തെ ഭദ്രമാക്കുന്നതെന്ന് കേന്ദ്ര ആഭ്യന്തരമന്ത്രി അമിത് ഷാ. അതിർത്തി ജില്ലകളിലെ പോലീസ് സൂപ്രണ്ടുമാരുടെ സമ്മേളനത്തിന് ന്യൂഡൽഹിയിൽ ഇന്നലെ അധ്യക്ഷത വഹിക്കുകയായിരുന്നു അദ്ദേഹം. അതിർത്തികളിലെ നുഴഞ്ഞുകയറ്റം പൂർണമായും തടയുന്നതിനുള്ള ശക്തമായ സംവിധാനമാണ് സർക്കാർ ഒരുക്കുന്നതെന്നും അദ്ദേഹം പറഞ്ഞു. അതിർത്തി സുരക്ഷാ സംവിധാനം ശക്തമാക്കുന്നത് ലക്ഷ്യമിട്ടായിരുന്നു സമ്മേളനം.

&&&&&&&&&&&&&&&&&

## HEADLINE-3

## WAYANAD (INTRO)

*വയനാട് കള്ളാടി തുരങ്കപാത നിർമ്മാണ സ്ഥലത്തുണ്ടായ മണ്ണിടിച്ചിലിൽ കാണാതായവരിൽ, ഒരാളുടെ മൃതദേഹം കൂടി കണ്ടെടുത്തു. ഇതോടെ ദുരന്തത്തിൽ മരിച്ചവരുടെ എണ്ണം ഏഴായി.*

*വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസെൻറ്.....*

*(വോയിസ്)*

&&&&&&&&&&&&&&&&&&

**MINISTER A.P. ANILKUMAR**

വയനാട് കള്ളാടി മണ്ണിടിച്ചിൽ പ്രദേശത്തെ അപകട ഭീഷണിയുള്ള വീടുകളിൽ താമസിക്കുന്നവരെ, അവർ ആഗ്രഹിക്കുന്ന രീതിയിൽ വാടക വീട്ടിലേക്ക് മാറ്റുന്നതിന് സർക്കാർ സൗകര്യം ഒരുക്കുമെന്ന് റവന്യൂ മന്ത്രി എ. പി. അനിൽകുമാർ. മണ്ണിടിഞ്ഞു വീണിട്ടുള്ള വീടുകളിൽ നിന്ന് സർട്ടിഫിക്കറ്റുകൾ അടക്കമുള്ള രേഖകൾ കണ്ടെത്തുന്നതിന് റെസ്ക്യൂ സംഘത്തോട് നിർദ്ദേശിച്ചിട്ടുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി . പ്രദേശത്ത് ഇനിയും മണ്ണിടിച്ചിലിന് സാധ്യതയുണ്ടോ എന്നതടക്കമുള്ള കാര്യങ്ങൾ ജിയോളജി ഉദ്യോഗസ്ഥർ നിരന്തരം പരിശോധിച്ച് വരുന്നതായും മന്ത്രി മാധ്യമങ്ങളോട് പറഞ്ഞു .

&&&&&&&&&&&&&&&&&&

**JOSHI-CLEAN ENERGY**

രാജ്യത്തെ വൈദ്യുതി ആവശ്യകതയുടെ 50 ശതമാനത്തിലധികവും ഹരിത ഊർജ്ജത്തിലൂടെ പരിഹരിക്കാനായതായി കേന്ദ്രമന്ത്രി പ്രൽഹാദ് ജോഷി. ഈ മാസം 6 ന് വൈദ്യുതി വിതരണത്തിൽ 50.2 ശതമാനവും സംഭാവന നൽകിയത് പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളാണെന്നും അദ്ദേഹം സമൂഹമാധ്യമത്തിൽ കുറിച്ചു. ഇന്ത്യയുടെ ശുദ്ധോർജ്ജ ആവാസവ്യവസ്ഥ പുരോഗതി പ്രാപിക്കുന്നതിന്റെ തെളിവാണിതെന്നും കേന്ദ്രമന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&&&&

**ബ്രേക്ക്**

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.....

(ബ്രേക്ക്)

&&&&&&&&&&&&&&&&&&

**HEADLINE-4**

**OPERATION THOOFAN (INTRO)**

***ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി തിരുവനന്തപുരം പോലീസ് ആസ്ഥാനത്ത് ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തലയുടെ നേതൃത്വത്തിൽ യോഗം പുരോഗമിക്കുന്നു. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിലെ ഡി.ജി.പിമാർ ഉൾപ്പെടെ യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.***

***വിശദാംശങ്ങളുമായി ആകാശവാണി തിരുവനന്തപുരം ജില്ലാ പ്രതിനിധി രജു കോലിയക്കോട്......***

***(വോയിസ്)***

&&&&&&&&&&&&&&&&&&

**HEADLINE-5**

**RAIN**

കേരളത്തിന്റെ വടക്കൻ ജില്ലകളിൽ ശക്തമായ മഴ തുടരുന്നു. പലയിടത്തും വ്യാപക നാശനഷ്ടം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പത്തനതിട്ട, കോട്ടയം, ഇടുക്കി, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ എട്ട് ജില്ലകളിൽ ഇന്ന് മഞ്ഞ ജാഗ്രതയാണ്. കേരളം - കർണാടക – ലക്ഷദ്വീപ് തീരങ്ങളിൽ ഇന്ന് മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തിയിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**UTTARAKHAND - RAIN**

ഉത്തരാഖണ്ഡിലും ശക്തമായ മഴ തുടരുന്നു. നൈനിറ്റാൾ, ഉധംസിങ്ങ് നഗർ, ചമ്പാവത് ജില്ലകളിൽ റെഡ് അലർട്ട് നൽകിയിരിക്കുകയാണ്. രുദ്രപ്രയാഗ്, ഡെറാഡൂൺ, ഹരിദ്വാർ ഉൾപ്പെടെ വിവിധ ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധി നൽകിയിട്ടുണ്ട്. നൂറിലേറെ റോഡുകളിൽ മഴയെ തുടർന്ന് ഗതാഗതം നിർത്തി വച്ചിരിക്കുകയാണ്.

&&&&&&&&&&&&&&&&&&

**HP-RAIN**

ഹിമാചൽ പ്രദേശിൽ ശക്തമായ മഴ ജനജീവിതത്തെ സാരമായി ബാധിച്ചു. സിർമൗർ, സോലൻ ജില്ലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവധി നൽകിയിരിക്കുകയാണ്. കനത്ത മഴയിൽ വിവിധയിടങ്ങളിൽ മണ്ണിടിച്ചിലും റിപ്പോർട്ടും ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&&&&

**J K- WEATHER**

ജമ്മു കശ്മീരിലെ ചിലയിടങ്ങളിൽ വരും ദിവസങ്ങളിൽ അന്തരീക്ഷ താപനില ഉയരുമെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ജമ്മു ഡിവിഷനിൽ, വരും ദിവസങ്ങളിൽ കനത്ത മഴയ്ക്കും വെള്ളപ്പൊക്കത്തിനും മണ്ണിടിച്ചിലിനും സാധ്യതയുള്ളതായും മുന്നറിയിപ്പുണ്ട്.

&&&&&&&&&&&&&&&&&&

**JAISHANKAR-OMAN ARRIVAL**

കേന്ദ്ര വിദേശകാര്യ മന്ത്രി എസ്. ജയ്ശങ്കർ ഔദ്യോഗിക സന്ദർശനത്തിനായി ഒമാനിൽ എത്തി. കുവൈറ്റ് സന്ദർശനത്തിന് ശേഷമാണ് അദ്ദേഹം ഒമാനിലെത്തിയത്. ഖത്തർ, ബഹ്‌റൈൻ, കുവൈറ്റ്, ഒമാൻ, ന്യൂയോർക്ക്, ബ്രസ്സൽസ് എന്നീ രാജ്യങ്ങളാണ് 11 ദിവസത്തെ പര്യടനത്തിനിടെ അദ്ദേഹം സന്ദർശിക്കുന്നത്.

&&&&&&&&&&&&&&&&&&

**HEADLINE-6**

**FIFA-QUARTER-FINAL**

ഫിഫ ലോകകപ്പ് ഫുട്ബോൾ രണ്ടാം ക്വാർട്ടർ ഫൈനലിൽ ഇന്ന് രാത്രി 12.30 ന് സ്പെയിൻ ബെൽജിയത്തെ നേരിടും. യൂറോപ്യൻ കരുത്തരായ ഇരു ടീമുകളും നേർക്കുനേർ വരുന്ന പോരാട്ടമാണ് ഇന്നത്തേത്. ആദ്യ ക്വാർട്ടർ ഫൈനലിൽ ഇന്ന് പുലർച്ചെ, മൊറോക്കോയെ പരാജയപ്പെടുത്തി ഫ്രാൻസ് സെമി ഫൈനലിൽ പ്രവേശിച്ചു. എതിരില്ലാത്ത രണ്ട് ഗോളുകൾക്കാണ് ഫ്രാൻസിന്റെ വിജയം. അറുപതാം മിനിറ്റിൽ എംബാപ്പെയും അറുപത്തിയാറാം മിനിറ്റിൽ ഒസ്മാൻ ഡെംബെലെയും ഫ്രാൻസിനായി ഗോളുകൾ നേടി.

&&&&&&&&&&&&&&&&&&

## WIMBLEDON

വിമ്പിൾഡൺ പുരുഷ സിംഗിൾസ് സെമി ഫൈനൽ മത്സരങ്ങൾക്ക് ഇന്ന് തുടക്കം. വൈകുന്നേരം ആറിന് നടക്കുന്ന ആദ്യ സെമിയിൽ ലോക രണ്ടാം നമ്പർ താരം അലക്സാണ്ടർ സ്വരേവ് , ബ്രിട്ടന്റെ ആർതർ ഫെറിയെയും രണ്ടാം സെമിയിൽ ലോക ഒന്നാം നമ്പർ താരം യാനിക് സിന്നർ മുൻ ചാമ്പ്യൻ നൊവാക് ജോക്കോവിച്ചിനെയും നേരിടും . വനിതാ സിംഗിൾസ് ഫൈനലിൽ നാളെ ചെക്ക് താരങ്ങളായ കരോലിന മുച്ചോവയും, ലിൻഡ നോസ്കോവയും ഏറ്റുമുട്ടും.

&&&&&&&&&&&&&&&&&&

## INDIA-INGLAND CRICKET

ഇന്ത്യ- ഇംഗ്ലണ്ട് വനിതാ ക്രിക്കറ്റ് ടെസ്റ്റിന് ഇന്ന് തുടക്കം. ലണ്ടനിലെ ലോർഡ്സ് ക്രിക്കറ്റ് ഗ്രൗണ്ടിൽ ഉച്ചകഴിഞ്ഞ് 3:30-നാണ് മത്സരം ആരംഭിക്കുക. ഹർമൻപ്രീത് കൗർ ആണ് ഇന്ത്യൻ ടീമിനെ നയിക്കുന്നത്.

&&&&&&&&&&&&&&&&&&

## SENSEX+GOLD

രാജ്യത്തെ ഓഹരിവിപണികളിൽ നേട്ടം. സെൻസെക്സ് 727 പോയിന്റ് ഉയർന്ന് 77,469 ലും നിഫ്റ്റി 217 പോയിന്റ് നേട്ടത്തിൽ 24,180 ലും വ്യാപാരം പുരോഗമിക്കുന്നു.

സ്വർണ്ണവില കൂടി. പവന് 280 രൂപ ഉയർന്ന് ഒരു ലക്ഷത്തി 6,200 രൂപയും ഗ്രാമിന് 13,275 രൂപയുമാണ് ഇന്നത്തെവില.

&&&&&&&&&&&&&&&&&&

## NITI AAYOG-MEETING

ശിശുകേന്ദ്രീകൃത വികസനം, സ്കൂൾ വിദ്യാഭ്യാസം, മാനവ വികസനം എന്നിവയിൽ സഹകരണം ശക്തിപ്പെടുത്തുന്നതിനായി നീതി ആയോഗ് അംഗം ഡോ. ജോറാം അനിയ യുണിസെഫ് ഇന്ത്യ

പ്രതിനിധിസംഘവുമായി ന്യൂ ഡൽഹിയിൽ കൂടിക്കാഴ്ച നടത്തി. അധ്യാപക പരിശീലനം, വിദ്യാർത്ഥി ക്ഷേമം, സൈബർ സുരക്ഷ തുടങ്ങിയ വിഷയങ്ങളിൽ ചർച്ചകൾ നടന്നതായി നീതി ആയോഗ് അറിയിച്ചു.

&&&&&&&&&&&&&&&&&

## CENSUS

കേരളത്തിൽ സെൻസസ് 2027 ന്റെ ഭാഗമായുള്ള വീടുകളുടെ വിവരശേഖരണം തുടരുന്നു. സെൽഫ് എന്യുമേറേഷൻ നടത്തിയവർക്ക് ഓൺലൈനിൽ ലഭിച്ച ഐ.ഡി പരിശോധിച്ച് വിവരങ്ങൾ സ്ഥിരീകരിച്ച ശേഷമാണ് വിവരശേഖരണം നടത്തുന്നത്. സെൽഫ് എന്യൂമറേഷൻ നടത്താത്ത കുടുംബങ്ങളുടെ വിവരങ്ങൾ എന്യുമറേറ്റർമാർ നേരിട്ട് രേഖപ്പെടുത്തും.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&